**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പത്തനംതിട്ട ജില്ലയിലെ ഏനാടിമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരിക്കെ മരണപ്പെട്ട എൻ. രാധാകൃഷ്ണൻ നായരുടെ മകനും ആശ്രിതനുമായ ശ്രീ. അർജ്ജുൻ ആർ.നെ കൊല്ലം ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(കൈ) നം.166/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 24.08.2017

================================================================

പരാമർശം : 1) ജി.ഒ. (പി) നം. 12/99/പി&എ ആർ.ഡി തീയതി. 24.5.1999.

2) ശ്രീ. അർജ്ജുൻ ആർ.ന്റെ 22.05.2015-ലെ അപേക്ഷ.

3) പഞ്ചായത്ത് ഡയറക്ടറുടെ 18.09.2015-ലെ ഇ.14-21475/2015 നമ്പർ കത്ത്.

4) കൊല്ലം ജില്ലാ കളക്ടറുടെ 07.07.2017-ലെ എസ്4-59378/16/ഡി.ഡിസ് നമ്പർ കത്ത്

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ ഏനാടിമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരിക്കെ മരണപ്പെട്ട എൻ. രാധാകൃഷ്ണൻ നായരുടെ മകനും ആശ്രിതനുമായ ശ്രീ. അർജ്ജുൻ ആർ. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചു.

പത്തനംതിട്ട ജില്ലയിലെ ഏനാടിമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരിക്കെ എൻ. രാധാകൃഷ്ണൻ നായർ 03.06.2006-ലാണ് നിര്യാതനാവുന്നത്. പരേതൻ 10.01.1986-ലാണ് സർവ്വീസിൽ പ്രവേശിച്ചത്. പരേതന്റെ മറ്റ് അവകാശികൾ ആരുംതന്നെ ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിച്ചിട്ടില്ല. അപേക്ഷകന്റെ ജനനതീയതി 17.08.1996 ആണ്. നിലവിൽ അപേക്ഷകൻ 20 വയസ്സ് പൂർത്തിയാക്കിയിട്ടുണ്ട്. ശ്രീ. അർജ്ജുൻ ആർ. കൊല്ലം ജില്ലയിൽ എൽ.ഡി. ക്ലാർക്ക് നിയമനത്തിനായിട്ടാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. അപേക്ഷകൻ നിശ്ചിത സമയപരിധിക്കകം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അനന്തരാവകാശ സർട്ടിഫിക്കറ്റ് പ്രകാരം പരേതന്റെ മാതാവ്, ഭാര്യ, മകൻ (അപേക്ഷകൻ) എന്നിവർ ഉൾപ്പെടുന്ന മൂന്ന് അനന്തരാവകാശികളാണ് പരേതനുള്ളത്. അപേക്ഷകനായ ശ്രീ. അർജ്ജുൻ ആർ. ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് സമ്മതമാണെന്ന് പരേതന്റെ മാതാവും, ഭാര്യയും സമ്മതപത്രം നൽകിയിട്ടുണ്ട്. അപേക്ഷകൻ +2 പാസ്സായതാണ്. ടിയാൻ ഉൾപ്പെടുന്ന കുടുംബത്തിന്റെ വാർഷിക വരുമാനം 1,42,440/- രൂപയാണെന്ന് കൊല്ലം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറും, കൊല്ലം ജില്ലാ കളക്ടറും പരാമർശം (2) ലെ അപേക്ഷ ശുപാർശ ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, പത്തനംതിട്ട ജില്ലയിലെ ഏനാടിമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരിക്കെ മരണപ്പെട്ട എൻ. രാധാകൃഷ്ണൻ നായരുടെ മകനും ആശ്രിതനുമായ ശ്രീ. അർജ്ജുൻ ആർ.ന്റെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ്സ് മുതലായവയുടെ അസ്സൽ സാക്ഷ്യപത്രങ്ങൾ പരിശോധിച്ച് പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ നിലവിലുള്ളതോ/അടുത്ത് ഉണ്ടാകുന്നതോ ആയ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരേതനായ എൻ. രാധാകൃഷ്ണൻ നായരുടെ സേവന പുസ്തകത്തിലും എസ്റ്റാബ്ളിഷ്മെന്റ് രജിസ്റ്ററിലും ആശ്രിത നിയമനം നൽകിയത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്. അപേക്ഷകൻ സമർപ്പിച്ച അപേക്ഷയിലോ, ഇത് സംബന്ധിച്ച് സർക്കാർ നടത്തിയ അന്വേഷണത്തിലോ, തെറ്റായ വിവരം നൽകുകയോ. യഥാർത്ഥ വിവരം മറച്ചു വയ്ക്കുകയോ ചെയ്ത് ആശ്രിതനിയമനം കരസ്ഥമാക്കിയതായി വെളിപ്പെട്ടാൽ ടിയാന് ആശ്രിതനിയമന വ്യവസ്ഥ പ്രകാരം നൽകുന്ന ജോലി അസാധുവാക്കുന്നതായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
അഡീഷണൽ സെക്രട്ടറി

1. ശ്രീ. അർജ്ജുൻ ആർ, മുളവേലിൽ ഹൗസ്, പാവുമ്പ, മണപ്പള്ളി (വഴി), കൊല്ലം-690 574
   (രജിസ്റ്റേഡ് തപാൽ മുഖാന്തിരം)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. ജില്ലാ കളക്ടർ, കൊല്ലം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം/പത്തനംതിട്ട
6. ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം
7. വെബ് & ന്യൂ മീഡിയ, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
8. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ